**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 531** **02-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണെന്ന വാർത്തകളുടെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം മാത്രം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്. സാധാരണ ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കുന്നത് ലാക്കാക്കി ജനങ്ങളുടെ കൈകളിൽ പണം എത്തിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ഉതകുന്ന വലിയൊരു വിഭാഗം ജനസമൂഹത്തെ cover ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അടക്കമുള്ള Direct Beneficiary Transfer സ്കീമുകൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ജനങ്ങളുടെ വാങ്ങൽ ശേഷി അങ്ങേയറ്റം കുറഞ്ഞതാണ് സാമ്പത്തിക പ്രതിസന്ധിക്ക് കാരണമെന്ന് പറയുന്നത് ശരിയാണോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം മാത്രം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്. സാധാരണ ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കുന്നത് ലാക്കാക്കി ജനങ്ങളുടെ കൈകളിൽ പണം എത്തിക്കുന്നതിന് ഉതകുന്ന വലിയൊരു വിഭാഗം ജനസമൂഹത്തെ cover ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അടക്കമുള്ള Direct Beneficiary Transfer സ്കീമുകൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | കഴിഞ്ഞ പേ-റിവിഷനിൽ ശമ്പളവും പെൻഷനും എത്ര ശതമാനമാണ് വർധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ; ഇതുമൂലം ഉണ്ടായ ബാധ്യത എന്താണെന്നും ഈ ബാധ്യതയാണ് വൻ സാമ്പത്തിക | (സി) | 01.07.2019-ൽ നിലവിൽ ജീവനക്കാർക്ക് അർഹതയുണ്ടായിരുന്ന 28% ക്ഷാമബത്തയോടൊപ്പം 10% ഫിറ്റ്മെന്റ് കൂടി ചേർത്താണ് ശമ്പളം പരിഷ്കരിച്ചത്. പതിനൊന്നാം |

| | | | |
|---|---|---|---|
| | പ്രതിസന്ധിയിലേക്ക് സർക്കാരിനെ എത്തിച്ചത് എന്ന ആക്ഷേപം ശരിയാണോയെന്നും വ്യക്തമാക്കാമോ; | | ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ ഭാഗം -I-ൽ ഖണ്ഡിക 12.11 പ്രകാരം ശമ്പള, പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി ആകെ 4810.29 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യതയാണ് പ്രതിവർഷം വരുന്നതായി കണക്കാക്കിയിട്ടുള്ളത്. ശമ്പള- പെൻഷൻ പരിഷ്കരണമാണ് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് എത്തിച്ചത് എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. |
| (ഡി) | ശമ്പള പെൻഷൻ പരിഷ്കരണം ഓരോ അഞ്ച് വർഷം കഴിയുമ്പോൾ എന്നത് മാറ്റി പത്ത് വർഷം ആകുമ്പോൾ മതിയെന്ന മുൻ ശമ്പള കമ്മീഷനുകളുടെ ശിപാർശ അംഗീകരിക്കാതെ ശമ്പള പെൻഷൻ പരിഷ്കരണം നടത്താനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ? | (ഡി) | സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അഞ്ചു വർഷ തത്വം പാലിച്ചുകൊണ്ട് 01.07.2019-ൽ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കിയത്. |

സെക്ഷൻ ഓഫീസർ